10669
21/8/15

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ 6 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ Life Skill Education and Development Programme നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1196/15/ പജപവവിവ തീയതി, തിരുവനന്തപുരം 22.07.2015

==========================================================

പരാമർശം: 25.06.2015 ൽ നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ 12-ാമത് തീരുമാനം.

## ഉത്തരവ്

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ 6 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ തിരുവനന്തപുരം, ശ്രീകാര്യം ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനവുമായി ചേർന്ന് Life Skill Education and Development എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 1,41,000/- രൂപയുടെ പ്രൊപ്പോസൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

25.06.2015-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞ് ഹോസ്റ്റൽ അധികാരികളും പദ്ധതി നടപ്പാക്കുന്ന സ്ഥാപനവും സംയുക്തമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി അംഗീകരിക്കുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് ശുപാർശ അംഗീകരിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിലെ 6 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ശ്രീകാര്യം ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനവുമായി ചേർന്ന് Life Skill Education and Development എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 1,41,000/- രൂപ (ഒരു ലക്ഷത്തി നാല്പത്തിഒന്നായിരം രൂപ) അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനു ശേഷം ഹോസ്റ്റൽ അധികാരികളും പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനവും ചേർന്ന് സംയുക്ത റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ ഇനത്തിലുള്ള ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34-OC (P) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.പി.രമാദേവി**
**അഡീഷണൽ സെക്രട്ടറി**

*ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം*
*പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്&ജി സെക്ടർ), (ഇ&ആർ സെക്ടർ) കേരള, തിരുവനന്തപുരം.*
*ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം*
*ധനകാര്യ വകുപ്പ്.*
*ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആർഡി. തിരുവനന്തപുരം.*
*കരുതൽ ഫയൽ/ഓഫീസ് കോപ്പി.*

ഉത്തരവിൻ പ്രകാരം
Sabu K J
സെക്ഷൻ ഓഫീസർ